പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2262 23-03-2012 ന് മറുപടിയ്ക്ക്

പാമ്പ് കടിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി : | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| എ) പാമ്പ് കടിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് വനം വകുപ്പിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നുണ്ടോ ; എത്ര തുകയാണ് സഹായമായി അനുവദിക്കുന്നത് ; ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കേണ്ടത് ആർക്കാണ് ; | എ) വനത്തിനുള്ളിൽ വെച്ച് പാമ്പ് കടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 3 ലക്ഷം രൂപയും വനത്തിന് പുറത്തു വെച്ച് പാമ്പ് കടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയുമാണ് ഇപ്പോൾ ധനസഹായം നൽകി വരുന്നത്. ധനസഹായത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട ഫോറസ്റ്റ് റേഞ്ച് ഓഫീസർ / അസിസ്റ്റൻറ് വൈൽഡ് ലൈഫ് പ്രിസർവേഷൻ ഓഫീസർക്കാണ് സമർപ്പിക്കേണ്ടത്. |
| ബി) പ്രസ്തുത അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട അനുബന്ധരേഖകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | ബി) വന്യമൃഗ ആക്രമണത്തിൽ മരണപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ചുള്ള 1980 ലെ |

കേരള റൂൾസ് ഫോർ പേയ് മെന്റ് ഓഫ്
കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ്
വൈൽഡ് ലൈഫ് അറ്റാക്ക് ചട്ടങ്ങളിൽ
വിവരിച്ചിട്ടുള്ള നിശ്ചിത മാതൃകയിലുള്ള
(Appendix 1) അപേക്ഷയോടൊപ്പം
മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ്,
അവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ്,
മറ്റ് അനുബന്ധ രേഖകൾ എന്നിവയും
സമർപ്പിക്കണം.

സെക്ഷൻ ഓഫീസർ